# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 ഫെബ്രുവരി 22

# വാർത്താക്കുറിപ്പ്

---

**ഫയൽ അദാലത്ത്; എം.ജി.യിൽ തീർപ്പാക്കിയത് 282 അപേക്ഷ**

## ഫയലുകളിൽ തീരുമാനം

## വൈകരുത്: ഡോ. കെ.ടി. ജലീൽ

വിദ്യാർഥികൾക്കും അധ്യാപകർക്കും ജീവനക്കാർക്കും ആശ്വാസമേകി ഉന്നത വിദ്യാഭ്യാസ വകുപ്പ മന്ത്രിയുടെ ഫയൽ അദാലത്ത്. മഹാത്മാ ഗാന്ധി സർവകലാശാലയിൽ നടന്ന അദാലത്തിലൂടെ 282 അപേക്ഷകൾ തീർപ്പാക്കി. ഓൺലൈനിലൂടെ ലഭിച്ച 215 അപേക്ഷകളും അദാലത്ത് ദിവസം ലഭിച്ച 67 അപേക്ഷകളുമാണ് തീർപ്പാക്കിയത്. ഉന്നതവിദ്യാഭ്യാസ വകുപ്പമന്ത്രി ഡോ. കെ.ടി. ജലീൽ വീഡിയോ കോൺഫറൻസിലൂടെ അദാലത്ത് ഉദ്ഘാടനം ചെയ്തു.

ഫയലുകളിന്മേൽ വേഗത്തിൽ തീരുമാനമെടുക്കാൻ ഉദ്യോഗസ്ഥർ ശ്രദ്ധിക്കണമെന്നും സമയബന്ധിതമായി തീരുമാനങ്ങൾ എടുക്കണമെന്നും അദ്ദേഹം പറഞ്ഞു. തീരുമാനങ്ങൾ വൈകുമ്പോൾ ഫലം കിട്ടേണ്ടവർക്ക് അതിന്റെ ഗുണം ലഭിക്കുന്നില്ലെന്നും വിദ്യാർഥികൾക്കും അധ്യാപകർക്കും ജീവനക്കാർക്കും സംതൃപ്തമായ നിലയിൽ ഉന്നതവിദ്യാഭ്യാസ മേഖലയെ മാറ്റുകയാണ് ലക്ഷ്യമെന്നും ഇതിലൂടെ പുരോഗതി കൈവരിക്കാനാകുമെന്നും അദ്ദേഹം പറഞ്ഞു.

വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് അധ്യക്ഷത വഹിച്ചു. ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. ഉഷ ടൈറ്റസ് മുഖ്യ പ്രഭാഷണം നടത്തി. സിൻഡിക്കേറ്റംഗങ്ങളായ അഡ്വ. പി.കെ. ഹരികുമാർ, അഡ്വ. ആർ. പ്രഗാഷ്, ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി ഡോ. കെ. ഷെറഫുദ്ദീൻ, രജിസ്ട്രാർ എം.ആർ. ഉണ്ണി എന്നിവർ പ്രസംഗിച്ചു. അപേക്ഷകയായ തോപ്പുംപടി സ്വദേശി എം. ഫർസാനയ്ക്ക് എം.ബി.എ. പരീക്ഷയുടെ മാർക്ക്‌ലിസ്റ്റ് കൈമാറിയാണ് അദാലത്ത് ആരംഭിച്ചത്.

പരീക്ഷ വിഭാഗവുമായി ബന്ധപ്പെട്ട പരാതികളായിരുന്നു ഏറെയും. നിരവധിപ്പേർക്ക് മാർക്ക് ലിസ്റ്റുകൾ നൽകി. ഗവേഷണവുമായി ബന്ധപ്പെട്ട് വിദ്യാർഥികൾക്കാവശ്യമായ ഉത്തരവുകൾ ലഭ്യമാക്കി. അധ്യാപകർക്കുള്ള ഗൈഡ് ഷിപ്പുകൾ അനുവദിച്ചു. സിൻഡിക്കേറ്റംഗങ്ങളും ഡീൻമാരും ഉദ്യോഗസ്ഥരും അദാലത്തിൽ പങ്കെടുത്തു. രാവിലെ ഒൻപതിന് ആരംഭിച്ച അദാലത്ത് ഉച്ചയ്ക്ക് രണ്ടിനാണ് അവസാനിച്ചത്.

(പി.ആർ.ഒ./39/354/2019)

**ഫോട്ടോ ക്യാപ്ഷൻ**

**(1) മഹാത്മാ ഗാന്ധി സർവകലാശാലയിൽ നടന്ന ഫയൽ അദാലത്ത് ഉന്നത വിദ്യാഭ്യാസ വകുപ്പ മന്ത്രി ഡോ. കെ.ടി. ജലീൽ വീഡിയോ കോൺഫറൻസിങ്ങിലൂടെ ഉദ്ഘാടനം ചെയ്യുന്നു. വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ്, ഉന്നത വിദ്യാഭ്യാസ വകുപ് സെക്രട്ടറി ഡോ. ഉഷ ടൈറ്റസ്, സിൻഡിക്കേറ്റംഗങ്ങൾ എന്നിവർ വേദിയിൽ**

(2) മഹാത്മാ ഗാന്ധി സർവകലാശാലയിൽ നടന്ന ഫയൽ അദാലത്തിൽ തോപ്പുംപടി സ്വദേശി എം. ഫർസാനയ്ക്ക് എം.ബി.എ. പരീക്ഷയുടെ മാർക്ക്‌ലിസ്റ്റ് വൈസ് ചാൻസലർ പ്രൊഫ. സാബു തോമസും ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി ഡോ. ഉഷ ടൈറ്റസും കൈമാറുന്നു

## പി.ജി. പ്രൈവറ്റ് പരീക്ഷ കേന്ദ്രം മാറ്റി

ഫെബ്രുവരി 25ന് ചങ്ങനാശ്ശേരി എൻ.എസ്.എസ്. കോളേജിൽ നടക്കേണ്ട മൂന്ന്, നാല് സെമസ്റ്റർ പി.ജി. പ്രൈവറ്റ് പരീക്ഷ ചങ്ങനാശ്ശേരി അസംപ്ഷൻ കോളേജിലേക്ക് മാറ്റി. എൻ.എസ്.എസിൽ പരീക്ഷയെഴുതേണ്ടവർ അസംപ്ഷൻ കോളേജിൽ ഹാജരാകണം. പരീക്ഷസമയത്തിൽ മാറ്റമില്ല. ഫെബ്രുവരി 25 ഒഴികെയുള്ള ദിവസങ്ങളിലെ പരീക്ഷകൾ മുൻ നിശ്ചയപ്രകാരം എൻ.എസ്.എസ്. കോളേജിൽത്തന്നെ നടക്കും.

(പി.ആർ.ഒ./39/355/2019)

## ബി.എസ്‌സി. നഴ്‌സിംഗ് പരീക്ഷാകേന്ദ്രം

ഫെബ്രുവരി 28ന് ആരംഭിക്കുന്ന ഒന്നു മുതൽ നാലു വരെ വർഷ ബി.എസ്‌സി. നഴ്‌സിംഗ് മേഴ്‌സി ചാൻസ് (2007-2009 അഡ്മിഷൻ) പരീക്ഷകൾ ഗാന്ധിനഗർ എസ്.എം.ഇ. (സീപാസ്)യിൽ നടക്കും.

(പി.ആർ.ഒ./39/356/2019)

## പരീക്ഷ ഫലം

2018 സെപ്റ്റംബറിൽ നടന്ന രണ്ടാം സെമസ്റ്റർ എം.പി.എഡ്. (റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് എട്ടുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/357/2019)

2018 ജൂണിൽ നടന്ന രണ്ടാം സെമസ്റ്റർ എം.എസ്‌സി. ക്ലിനിക്കൽ ന്യൂട്രിഷൻ ആന്റ് ഡയറ്ററ്റിക്‌സ് (റഗുലർ, സപ്ലിമെന്ററി, ബെറ്റർമെന്റ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 11 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/358/2019)

## പി.ജി. സി.എസ്.എസ്. ഉത്തരക്കടലാസ് കൈപ്പറ്റണം

മൂന്നാം സെമസ്റ്റർ പി.ജി. സി.എസ്.എസ്. നവംബർ 2018 പരീക്ഷയുടെ ഉത്തരക്കടലാസുകൾ മൂല്യനിർണയത്തിനായി ഫെബ്രുവരി 26ന് എട്ട് മേഖലാ ക്യാമ്പുകളിലൂടെ അധ്യാപകർക്ക് വിതരണം ചെയ്യും. കോട്ടയം ബി.സി.എം. കോളേജ്, ചങ്ങനാശ്ശേരി ക്രിസ്തുജ്യോതി കോളേജ്, പാലാ അൽഫോൺസ കോളേജ്, മൂവാറ്റുപുഴ നിർമ്മല കോളേജ്, തൃപ്പൂണിത്തുറ ചിന്മയ കോളേജ്, ആലുവ യു.സി. കോളേജ്. കട്ടപ്പന ജെ.പി.എം. കോളേജ്, കോഴഞ്ചേരി സെന്റ് തോമസ് കോളേജ് എന്നിവയാണ് മേഖലാ കേന്ദ്രങ്ങൾ. രാവിലെ 10 മുതലാണ് വിതരണം. അധ്യാപകർ ക്യാമ്പുകളിൽ എത്തി ഉത്തരക്കടലാസ് കൈപ്പറ്റണം.

(പി.ആർ.ഒ./39/359/2019)

## രാജ്യാന്തര വിദ്യാഭ്യാസ സാധ്യതകൾ തുറന്നുകാട്ടി
## എം.ജി.യിൽ അന്തർദ്ദേശീയ വിദ്യാർഥി സംഗമം

ഇന്ത്യയിലെ മികച്ച വിദ്യാഭ്യാസ നിലവാരവും ചെലവ് കുറവും വിദേശ വിദ്യാർഥികളെ രാജ്യത്തേക്ക് ആകർഷിക്കുന്നുവെന്ന് സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ മെമ്പർ സെക്രട്ടറി ഡോ. രാജൻ വറുഗീസ് പറഞ്ഞു. യൂണിവേഴ്‌സിറ്റി സെന്റർ ഫോർ ഇന്റർനാഷണൽ കോ-ഓപ്പറേഷന്റെ ആഭിമുഖ്യത്തിൽ മഹാത്മാ ഗാന്ധി സർവകലാശാലയിൽ സംഘടിപ്പിച്ച അന്തർദ്ദേശീയ വിദ്യാർഥി/ഗവേഷക സംഗമം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കേരളത്തിലേക്ക് കൂടുതൽ വിദേശ വിദ്യാർഥികളെ ആകർഷിക്കാൻ കഴിയണം. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് സംസ്ഥാനത്ത് എത്തുന്ന വിദേശ വിദ്യാർഥികളുടെ എണ്ണം കുറവാണെന്നും അദ്ദേഹം പറഞ്ഞു.

25 രാജ്യങ്ങളുടെ തനതായ ചരിത്ര, സാംസ്‌കാരിക, വിദ്യാഭ്യാസ, ടൂറിസം സാധ്യതകളെക്കുറിച്ചു നടക്കുന്ന സംഗമത്തിൽ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് അധ്യക്ഷത വഹിച്ചു.

റീജണൽ ഓഫീസർ മധുർകങ്കണ റോയി, സിൻഡിക്കേറ്റംഗം പ്രൊഫ. കെ.എം. കൃഷ്ണൻ, സ്‌കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ഡയറക്ടർ ഡോ. എ.എം. തോമസ്, പ്രൊഫ. കെ.എം. സീതി, ഡോ.

സി. വിനോദൻ, ഡോ. സജിമോൻ ഏബ്രഹാം എന്നിവർ പങ്കെടുത്തു. സംസ്ഥാനത്ത് പഠിക്കുന്ന 92 വിദേശ വിദ്യാർഥികൾ സംഗമത്തിനെത്തി. 15 രാജ്യങ്ങളിൽ നിന്നുള്ള സാംസ്കാരിക പരിപാടികൾ അരങ്ങേറി.

(പി.ആർ.ഒ./39/360/2019)

## ഫോട്ടോ ക്യാപ്ഷൻ

**യൂണിവേഴ്സിറ്റി സെന്റർ ഫോർ ഇന്റർനാഷണൽ കോ-ഓപ്പറേഷന്റെ ആഭിമുഖ്യത്തിൽ മഹാത്മാ ഗാന്ധി സർവകലാശാലയിൽ സംഘടിപ്പിച്ച അന്തർദ്ദേശീയ വിദ്യാർഥി/ഗവേഷക സംഗമം സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ മെമ്പർ സെക്രട്ടറി ഡോ. രാജൻ വറുഗീസ് ഉദ്ഘാടനം ചെയ്യുന്നു**

## പ്രിൻസിപ്പൽമാരുടെ യോഗം ഇന്ന് (ഫെബ്രുവരി 23)

2019 അക്കാദമിക വർഷത്തിൽ നടക്കാനിരിക്കുന്ന യു.ജി./പി.ജി. പരീക്ഷകളുടെ ഓൺലൈൻ ചോദ്യപേപ്പർ ട്രാൻസാക്ഷൻ/സി.വി. ക്യാമ്പ്/ ടീച്ചേഴ്സ് പോർട്ടൽ എന്നിവ സംബന്ധിച്ച വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി എല്ലാ അഫിലിയേറ്റഡ് ആർട്ട്സ് ആന്റ് സയൻസ് കോളജുകളിലേയും പ്രിൻസിപ്പൽമാരുടെ സംയുക്തയോഗം ഇന്ന് (ഫെബ്രുവരി 23) നടക്കും. സർവകലാശാല അസംബ്ലി ഹാളിൽ രാവിലെ 10.30നാണ് യോഗം.

(പി.ആർ.ഒ./39/361/2019)

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ